GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/08/2026

1. സംസ്ഥാന കൃഷിവകുപ്പ്, ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെ യുടെയും ആഭിമുഖ്യത്തിൽ ഓണക്കാലത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണി ഇടപെടലിനുമായി സംസ്ഥാനത്തുടനീളം **"ഓണസമൃദ്ധി 2026"** ന്റെ ഭാഗമായി 2000 **കർഷകച്ചന്തകൾ** ആരംഭിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് അറിയിച്ചു. ഇതിനായി സർക്കാർ 20 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ആഗസ്റ്റ് 22 മുതൽ 25 വരെയാണ് കർഷകച്ചന്തകൾ പ്രവർത്തിക്കുക. **കർഷകച്ചന്ത**കളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് രാവിലെ 10.30 ന് കുടപ്പനക്കുന്ന് കൃഷിഭവൻ അങ്കണത്തിൽ ആരോഗ്യ ദേവസ്വം ബോർഡ് വകുപ്പ് മന്ത്രി കെ. മുരളീധരൻ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ വെച്ച് കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് നിർവ്വഹിക്കുന്നു.

തിരുവനന്തപുരം എം.പി ഡോ. ശശി തരൂർ, കോർപ്പറേഷൻ മേയർ വി.വി രാജേഷ്, മറ്റു ജനപ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ

- കർഷകന് മികച്ച വില-ഉപഭോക്താവിന് ന്യായവില
- കർഷകരിൽ നിന്ന് നേരിട്ട് സംഭരണം
- കർഷകന് 10% **അധിക** വില
- ഉപഭോക്താക്കൾക്ക് 30% വരെ കുറഞ്ഞ നിരക്ക്

എന്നിവയാണ്.

2) ഫാം ഇൻഫൊർമേഷൻ ബ്യൂറോ കുട്ടനാട് FM 90.0യിൽ കുട്ടനാടിന്റെ കൃഷി സമൃദ്ധി - കർഷകരുടെ സംശയങ്ങളും അവയ്ക്കുള്ള മറുപടിയും എന്ന പരിപാടിയിൽ **"ആലപ്പുഴയ്ക്ക് അനുയോജ്യമായ ഭക്ഷ്യോത്പന്ന സംരഭങ്ങൾ"** എന്നവിഷയത്തെക്കുറിച്ച് കർഷകർക്ക് ചോദിക്കാം 24/08/2026 ന് തിങ്കളാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് കെ. വി.കെ കായംകുളം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ജിസ്സി ജോർജ്ജ് മറുപടി നൽകുന്നു. 9995219523 എന്ന നമ്പരിൽ ബന്ധപ്പെടാം.

3) കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വിവിധയിനം നടീൽ വസ്തുക്കളും (ചക്ക, മാങ്ങ , പേര, സപ്പോട്ട ) പച്ചക്കറി വിത്തുകളും ലഭ്യമാണ് . കൂടുതൽ വിവരങ്ങൾക്ക് 0487 2961457/8281651457 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

4) കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഹോസ്പിറ്റൽ കാട്ടാക്കടയുടെയും നേതൃത്വത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കുളമ്പുരോഗപ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കിയ എല്ലാ കന്നുകാലികൾക്കുള്ള സ്പെഷ്യൽ ഓണകിറ്റുകളുടെ വിതരണോത്ഘാടനം ആഗസ്റ്റ് 24ന് രാവിലെ 10 മണിയ്ക്ക് കാട്ടാക്കട മൃഗാശുപത്രിയിൽ വെച്ച് കാട്ടാക്കട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുനിത. വി.ജെ. നിർവ്വഹിക്കും. ഈ ചടങ്ങിൽ വച്ച് കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ ഏറ്റവും കൂടുതൽ പാൽ അളന്ന കർഷകരേയും, ഏറ്റവും കൂടുതൽ ഉരുക്കളെ വളർത്തുന്ന ക്ഷീരകർഷകരെയും ആദരിക്കുന്നു.

5 കിലോ കാലിതീറ്റ, കാൽസ്യം ടോണിക്ക്, ധാതുലവണ മിശ്രിതം, ലിവർ ടോണിക്ക്, വൈറ്റമിനുകൾ, പശുക്കൾക്കുള്ള

വിരമരുന്ന്, കന്നുക്കുട്ടികൾക്കുള്ള വിരമരുന്നുകൾ, അകിടുരോഗ നിയന്ത്രണ മരുന്നുകൾ, പ്രസവ രക്ഷാ മരുന്നുകൾ, ബാഹ്യ പരാദ മരുന്നുകൾ എന്നീ ഇനങ്ങളടങ്ങിയ കിറ്റുകളാണ് വിതരണം ചെയ്യുന്നത് . എട്ടാം ഘട്ട കുളമ്പു രോഗ പ്രതിരോധ കുത്തിവെയ്പിന്റെ ഭാഗമായി കുത്തിവെയ്പിനു വിധേയമാക്കിയ ഉരുക്ക ടെ ഉടമകൾ അതിന്റെ രേഖകളുമായി കാട്ടാക്കട വെറ്ററിനറി ഹോസ്പിറ്റലിൽ എത്തി അഗസ്റ്റ് 24, 25 തീയതികളിൽ സൗജന്യ ഓണകിറ്റുകൾ കൈപ്പറ്റേണ്ടതാണെന്ന് സീനിയർ വെറ്ററിനറി സർജൻ ഡോ. സജിത് കുമാർ.എസ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9447863474 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

5) കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രം പരിസരത്ത് വെച്ച് 45 മുതൽ 60 ദിവസം വരെ പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട അത്യുൽപാദന ശേഷിയുള്ള പ്രതിരോധ കുത്തിവെപ്പ് നടത്തിയ മുട്ടക്കോഴി കുഞ്ഞുങ്ങളെ ഇന്ന് രാവിലെ 9 മുതൽ 12 മണിവരെ വിതരണം ചെയ്യും. കോഴിക്കുഞ്ഞ് ഒന്നിന് 130 രൂപയാണ് വില. വിതരണം ചെയ്യുന്ന സമയം. കൂടുതൽ വിവരങ്ങൾക്ക് 9847932809 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6) ഇടുക്കി കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ, കാർഷിക യന്ത്രവത്ക്കരണ ഉപ പദ്ധതി (SMAM) ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി ആഗസ്റ്റ് 31, 2.00 PM ന് വാക്ക് – ഇൻ – ഇൻറർവ്യൂ നടത്തുന്നു. ബി. ടെക് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള SC വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം തൊടുപുഴയിലുള്ള ഇടുക്കി ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ ഹാജരാകേണ്ടതാണ്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡേറ്റ aeeagridk@gmail.com എന്ന ഇ–മെയിൽ വിലാസത്തിൽ 24.08.2026 ന് 5 മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446981320, 9446246671 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.